# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2619 — 19.03.2015 -ൽ മറുപടിയ്ക്ക്

## എസ്.എസ്.എൽ.സി.തുല്യതാ പരീക്ഷ പാസ്സായ ജീവനക്കാർക്ക് പ്രമോഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി | **ശ്രീ.ഷിബു ബേബി ജോൺ**<br>(ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) എസ്.എസ്.എൽ.സി. തുല്യതാ പരീക്ഷ പാസ്സായ ആരെങ്കിലും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിനു കീഴിലുള്ള സ്ഥാപനങ്ങളിൽ പ്രമോഷനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) ഉണ്ട്. കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഓഫീസ് അറ്റന്റന്റ് ശ്രീമതി.അംബികാദേവി.എസ്, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഓഫീസ് അറ്റന്റന്റ് ശ്രീ.രാജേഷ്.വി എന്നിവർ എസ്.എസ്.എൽ.സി തുല്യതാ പരീക്ഷ പാസ്സായതിനാൽ വകുപ്പിലുണ്ടാകുന്ന എൽ.ഡി.ക്ലാർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന 10% ഒഴിവുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിലേയ്ക്ക് തയ്യാറാക്കിയിട്ടുള്ള ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ട്. ശ്രീമതി.അംബികാദേവി.എസ്, ടിയാൾക്ക് ടി യോഗ്യതയുടെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം നൽകണമെന്നും അപേക്ഷിച്ചിട്ടുണ്ട്. |
| (ബി) അപ്രകാരം പ്രൊമോഷൻ നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(സി) വിവിധ വകുപ്പുകളിൽ അപ്രകാരം അർഹമായ പ്രൊമോഷൻ നൽകിയിട്ടും എംപ്ലോയ്മെന്റ് വകുപ്പിൽ മാത്രം നൽകാത്തതിന് പ്രത്യേകിച്ച് എന്തെങ്കിലും കാരണമുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ? | (ബി)<br>(സി) ഇക്കാര്യം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ